# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.849** | **04.03.2020 ലെ മറുപടി**

## ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കവളങ്ങാട്, പല്ലാരിമംഗലം അടക്കമുള്ള പഞ്ചായത്തുകളിലും കോതമംഗലം മുനിസിപ്പാലിറ്റിയിലെ വിവിധ പ്രദേശങ്ങളിലും വേനൽക്കാലത്ത് ഉണ്ടാകുന്ന കുടിവെള്ളക്ഷാമവും വരൾച്ചയും പരിഹരിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ള ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | എ) ആവോലിച്ചാൽ വില്ലാൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 1983 കാലത്ത് കേരള ജലഅതോറിറ്റി നടപ്പിലാക്കിയതാണ്. ആയത് ഇന്ന് പ്രവർത്തനക്ഷമമല്ല. |
| (ബി) ഇതു സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിനു ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) 07.11.2019 ൽ ബഹു.ജലവിഭവ വകുപ്പ മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനം അനുസരിച്ച് 18/11/2019 ൽ ഇറിഗേഷൻ വകുപ്പിലെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഭാഗം ഉദ്യോഗസ്ഥർ പ്രസ്തുത പദ്ധതി പ്രദേശം സന്ദർശിച്ചു പഴയ മോട്ടോർ പുരയിലുള്ള മോട്ടോറും അനുബന്ധ ഉപകരണങ്ങളും പ്രളയത്തിലെ പൂഴിയാൽ മൂടപ്പെട്ട് കെട്ടിടം കാട് കേറി നശിച്ച അവസ്ഥയിലാണ്. കാട് തെളിച്ച് മണ്ണ് മാറ്റി പരിശോധന നടത്തിയതിൽ നിന്നും നിലവിലുള്ള പമ്പ്, മോട്ടോർ, സക്ഷൻ, ഡെലിവറി പൈപ്പ് തുടങ്ങിയ എല്ലാ സാധനങ്ങളും മാറ്റേണ്ടതായിട്ടുള്ളതിനാൽ ആ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

ടി എസ്റ്റിമേറ്റ് തയാറാക്കിയ ശേഷം കോതമംഗലം മുനിസിപ്പാലിറ്റിക്കും വാരപ്പെട്ടി പഞ്ചായത്തിനും ഏകദേശം 15 എം.എൽ.ഡി ജലം ആവശ്യമുണ്ടെന്ന് 21/01/2020 ലെ ജല അതോറിറ്റി പി.എച്ച് ഡിവിഷൻ, കോതമംഗലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ ആവശ്യകത നിറവേറ്റുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സിവിൽ, മെക്കാനിക്കൽ വിഭാഗങ്ങൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുളള തുടർനടപടി വിശദമാക്കാമോ;

(സി) നിലവിലുള്ള പദ്ധതി പ്രവർത്തന ക്ഷമമാക്കുന്നതിന് പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത എസ്റ്റിമേറ്റുകളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊളളിച്ചിരിക്കുന്നതെന്നും ഇതിനുവേണ്ടി എത്ര തുകയുടെ എസ്റ്റിമേറ്റാണ് സിവിൽ, മെക്കാനിക്കൽ വിഭാഗം സമർപ്പിച്ചിട്ടുളളതെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി) യും (ഇ) യും

പമ്പിന്റെയും മോട്ടോറിന്റെയും എസ്റ്റിമേറ്റ് (106 ലക്ഷം) മെക്കാനിക്കൽ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവർത്തികൾക്കുള്ള പ്രൊവിഷൻസ് അതിനോട് ഉൾക്കൊള്ളിച്ചിട്ടുണ്ട്. മോട്ടോർ പുരയുടെ നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമുള്ള എസ്റ്റിമേറ്റ് (102 ലക്ഷം) സിവിൽ വിഭാഗവും തയ്യാറാക്കിയിട്ടുണ്ട്. ആകെ 208 ലക്ഷം രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**